**GOVERNMENT OF KERALA**

**Abstract**

Government Law Officers – Re-appointment of 11 Government Law Officers of the Hon'ble High Court and Hon'ble Kerala Administrative Tribunal- Orders issued.

**LAW (INSPECTION) DEPARTMENT**

G.O (Ms).No.69/2020/Law. Dated, Thiruvananthapuram, 01/10/2020.

Read:- 1) G.O. (P) No. 11/78/Law dated 25/01/1978.
2) G.O.(Ms.) No.99/17/Law dated 28/07/2017.
3) G.O.(Ms.) No.100/17/Law dated 03/08/2017.
4) G.O.(Ms.) No.112/17/Law dated 02/09/2017.
5) Letter No. SS 36/2016/AG dated 15-07-2020 of the Advocate General.
6) Letter No. SS 36/2016/AG dated 03-07-2020 of the Advocate General.
7) Letter No. SS 36/2016/AG dated 11-12-2019 of the Advocate General.

## ORDER

As per Government Orders read as 2nd, 3rd and 4th papers above, 11 Government Law Officers of the Hon'ble High Court and the Hon'ble Kerala Administrative Tribunal were appointed for a period of three years from the date of their assumption of charge. Since their term expired, the Advocate General vide letters read as 5th and 6th above has requested to extend their term for a further period of three years from the date of expiry of their term.

3. On the basis of the performance report of the Government Law Officers, submitted by the Advocate General vide letter read as 7th paper above, the Government have decided to re-appoint the Government Law Officers as follows.-

4. Sri.A.Rajesh, Special Government Pleader in the High Court of Kerala is re-appointed with effect from 07-09-2020 till 30-06-2021.

5. The following Senior Government Pleaders in the High Court of Kerala are re-appointed with effect from 31-07-2020 till 30-06-2021.

| *Sl.No.* | *Name* |
|---|---|
| 1. | Sri.K.P.Harish |
| 2. | Sri.T.K.Shajahan |
| 3. | Sri. Bimal K.Nath |
| 4. | Sri.P.K.Babu |

6. The following Government Pleaders in the High Court of Kerala are re-appointed with effect from 31-07-2020 till 30-06-2021.

| Sl.No. | Name |
|---|---|
| 1. | Smt.Sreeja V |
| 2. | Smt.Nima Jacob |
| 3. | Sri.B.Harish Kumar |
| 4. | Smt.Thushara James |
| 5. | Smt.Rahana N.S |

7. Sri.V.Anil, Government Pleader in the Kerala Administrative Tribunal is re-appointed with effect from 07-08-2020 till 30-06-2021.

8. The conditions of service, duties, remuneration etc. of the above Government Law Officers will be in accordance with the Kerala Government Law Officers (Appointment and Conditions of Service) and Conduct of Cases Rules, 1978 issued under the G.O. read as 1st paper above, as amended from time to time.

By order of the Governor,

**Aravintha Babu.P.K**
***Law Secretary.***

To

1. The Government Law Officers concerned (through Advocate General of Kerala).
2. The Advocate General, Kerala, Ernakulam.
3. The Registrar General, High Court of Kerala, Ernakulam.
4. The Registrar, Kerala Administrative Tribunal,Thiruvananthapuram.
5. The Registrar, Kerala Administrative Tribunal, Ernakulam.
6. The Secretary, Kerala Legislative Assembly, Thiruvananthapuram.
7. The Accountant General (A&E)/ (Audit), Kerala, Thiruvananthapuram
8. The District/Sub Treasury Officer, Ernakulam.
9. The District/Sub Treasury Officer, Thiruvananthapuram.
10. The GA (SC) Department (vide decision of Council of Ministers as item No.4228 dated 30-09-2020)
11. The P.S. to Hon'ble Chief Minister.
12. The P.S. to Hon'ble Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs.
13. The Information Officer, Web & New Media.
14. The P.A. to Law Secretary.
15. The P.A. to Special Secretary.
16. The C.A. to Additional Secretary, Law (Inspection) Department.
17. The Law (Nodal) Department.
18. Stock File/ Office Copy.

*Forwarded/By Order,*

*Section Officer.*

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 30-09-2020

ഫയൽ നം. 10320/ഇൻസ്പെ.1/2020/നിയമം. ഇനം നം: 4228

**വിഷയം** : നിയമ വകുപ്പ് - ബഹു. ഹൈക്കോടതിയിലെയും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേയും സ്പെഷ്യൽ ഗവ. പ്ലീഡറിനെയും സീനിയർ ഗവ. പ്ലീഡർമാരെയും, ഗവ. പ്ലീഡർമാരെയും പുനഃനിയമിക്കുന്നത്.

**തീരുമാനം** : കുറിപ്പിലെ നിർദ്ദേശങ്ങൾ പരിഗണിച്ചു. ശ്രീ. കെ. പി. മധുവിന്റെ പുനർനിയമനം ഒഴിവാക്കി കുറിപ്പിലെ നിർദ്ദേശം (1) അംഗീകരിച്ചു.

(2). അംഗീകരിച്ചു.

(3). അംഗീകരിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

3/11/2020

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

30/9/20

23

4228

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.10320/ഇൻസ്‌പെ.1/2020/നിയമം |
| 2 | വകുപ്പ് | | നിയമ (ഇൻസ്‌പെക്ഷൻ) വകുപ്പ് |
| 3 | വിഷയം | : | ബഹു. ഹൈക്കോടതിയിലെയും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെയും സ്‌പെഷ്യൽ ഗവ. പ്ലീഡറിനെയും സീനിയർ ഗവ. പ്ലീഡർമാരെയും ഗവ. പ്ലീഡർമാരെയും പുനഃ നിയമിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 21-08-2020<br>21-08-2020<br>21-09-2020 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അല്ല<br>ഇല്ല<br>ഇല്ല |
| 6 | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.എൻ.ജീവൻ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. അരവിന്ദ ബാബു.പി.കെ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24/09/2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 25/09/2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.എ.കെ.ബാലൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 28/09/2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 28/09/2020 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

19.

ബഹു. ഹൈക്കോടതിയിലെയും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെയും 4 സീനിയർ ഗവ. പ്ലീഡർമാരെയും 7 ഗവ. പ്ലീഡർമാരെയും പുനഃ നിയമിക്കുന്നത് സംബന്ധിച്ചും (നം.10320/ഇൻസ്‌പെ.1/2020/നിയമം) ബഹു. ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവ. പ്ലീഡറായ ശ്രീ.എ.രാജേഷിനെ പുനഃ നിയമിക്കുന്നതും (നം.10587/ഇൻസ്‌പെ.1/2020/നിയമം) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ഗവ. പ്ലീഡറായ ശ്രീ.സജി എസ്.എൽ-നെ പുനഃ നിയമിക്കുന്നതും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ബഹു. ഹൈക്കോടതിയിൽ സീനിയർ ഗവ. പ്ലീഡർമാരായി 28-07-2017 തീയതിയിലെ G.O.(Ms).No.99/17/Law നമ്പർ ഉത്തരവ് പ്രകാരം നിയമിതരായ ശ്രീ.കെ.പി.ഹരീഷ്, ശ്രീ.റ്റി.കെ.ഷാജഹാൻ, ശ്രീ.ബിമൽ കെ.നാഥ്, ശ്രീ.പി.കെ.ബാബു ഗവ.പ്ലീഡർമാരായ ശ്രീമതി ശ്രീജ വി, ശ്രീമതി നിമ ജേക്കബ്, ശ്രീ.കെ.പി.മധു, ശ്രീ.ബി.ഹരീഷ് കുമാർ, ശ്രീമതി തുഷാര ജെയിംസ്, ശ്രീമതി രഹാന എൻ.എസ് എന്നിവർ 31-07-2017 ന് ജോലിയിൽ പ്രവേശിച്ചതിനാൽ ടിയാളുകളുടെ നിയമന കാലാവധി 30-07-2020 തീയതിയിൽ പൂർത്തിയാകുന്നതാണെന്നും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ 03-08-2017 തീയിതിയിലെ G.O.(Ms).No.100/17/Law നമ്പർ ഉത്തരവ് പ്രകാരം ഗവ. പ്ലീഡറായി നിയമിതനായ ശ്രീ.വി.അനിൽ 07-08-2017 ന് ജോലിയിൽ പ്രവേശിച്ചതിനാൽ ടിയാന്റെ നിയമന കാലാവധി 06-08-2020 തീയതിയിൽ പൂർത്തിയാകുന്നതാണെന്നും ടിയാളുകളുടെ പ്രവർത്തിയിലും സ്വഭാവത്തിലും യാതൊരുവിധ പ്രതികൂല പരാമർശങ്ങളും ശ്രദ്ധയിൽ പെട്ടിട്ടില്ലായെന്നും ആയതിനാൽ ടിയാളുകളുടെ നിയമന കാലാവധി മൂന്ന് വർഷ കാലയളവിലേയ്ക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്നും അഡ്വക്കേറ്റ് ജനറൽ 03-08-2020 തീയതിയിലെ S.S.36/2016/AG നമ്പർ കത്ത് മുഖേന ശിപാർശ ചെയ്തിട്ടുണ്ട്.

3. ബഹു. ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവ. പ്ലീഡർ (വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ) ആയി മൂന്ന് വർഷക്കാലയളവിലേയ്ക്ക് 02-09-2017 തീയതിയിലെ G.O.(Ms).No.112/17/Law നമ്പർ ഉത്തരവ് പ്രകാരം നിയമിതനായ ശ്രീ.എ.രാജേഷ് 07-09-2017 തീയതിയിൽ ജോലിയിൽ പ്രവേശിച്ചതിനാൽ

ടിയാന്റെ നിയമന കാലാവധി 06-09-2020 തീയതിയിൽ പൂർത്തിയാകുന്നതാണെന്നും ടിയാന്റെ പ്രവർത്തിയും സ്വഭാവവും നല്ലതായതിനാൽ നിയമന കാലാവധി മൂന്ന് വർഷ കാലയളവിലേയ്ക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്നും അഡ്വക്കേറ്റ് ജനറൽ 15-07-2020 തീയതിയിലെ S.S.36/2016/AG നമ്പർ കത്ത് മുഖാന്തരം ശിപാർശ ചെയ്തിട്ടുണ്ട്.

4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഗവ. പ്ലീഡറായി 02-09-2017 തീയതിയിലെ G.O.(Ms).No.113/17/Law നമ്പർ ഉത്തരവ് പ്രകാരം നിയമിതനായ ശ്രീ.സജി എസ്.എൽ 07-09-2017 ന് ജോലിയിൽ പ്രവേശിച്ചതിനാൽ ടിയാന്റെ നിയമന കാലാവധി 06-09-2020 തീയതിയിൽ പൂർത്തിയാകുന്നതാണെന്നും താൻ നടത്തിയ വിലയിരുത്തലിൽ ടിയാന്റെ സേവനം തൃപ്തികരമാണെന്നും ആയതിനാൽ ടിയാന്റെ സേവനം ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതു വരേയ്ക്ക് മാത്രം കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്നും അഡ്വക്കേറ്റ് ജനറൽ 06-08-2020 തീയതിയിലെ S.S.36/2016/AG നമ്പർ കത്തു മുഖേന ശിപാർശ ചെയ്തിട്ടുണ്ട്.

5. ബഹു. ഹൈക്കോടതിയിലെ ഗവൺമെന്റ് ലാ ഓഫീസർമാരെ പുനർനിയമനത്തിനായി പരിഗണിക്കുമ്പോൾ കഴിഞ്ഞകാലങ്ങളിലെ അവരുടെ പ്രവർത്തനരീതിയും മികവും അവരുടെ കാര്യക്ഷമത, നിയമപരിജ്ഞാനം, കോർട്ട് പെർഫോർമൻസ്, സർക്കാർ തലത്തിൽ കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട ഇടപെടലുകളിലെ കാര്യക്ഷമത, സർക്കാർ വകുപ്പുകളുമായുള്ള കോർഡിനേഷൻ, സർക്കാരിനുവേണ്ടി ആക്ഷേപം/സത്യവാങ്മൂലം മുതലായവ സമർപ്പിക്കുന്നതിലെ കൃത്യത, കേസിൽ വിധി വന്നശേഷം സ്വീകരിച്ച തുടർനടപടികൾ, കൃത്യവിലോപം /അഴിമതി ആരോപണങ്ങൾ /ഒത്തുകളിവിവാദങ്ങൾ/അൺ-എത്തിക്കൽ പ്രാക്ടീസ് സംബന്ധിച്ച ആരോപണങ്ങൾ എന്നിവ കൂടി പരിശോധിച്ച് അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാരുടെയും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെയും (സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടർ) അഭിപ്രായത്തിന്റെയും ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിൽ അഡ്വക്കേറ്റ് ജനറൽ വിലയിരുത്തി ഗ്രേഡ് (Excellent, Good, Average, Poor etc.) നൽകി മാത്രം നിശ്ചയിക്കേണ്ടതാണെന്ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10-07-2019 തീയതിയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്. അതിൻ പ്രകാരം ബഹു.

ഹൈക്കോടതിയിലെ 133 സർക്കാർ അഭിഭാഷകരുടെ കാര്യക്ഷമത വിലയിരുത്തി അവരുടെ ഗ്രേഡ് അഡ്വക്കേറ്റ് ജനറൽ, 11/12/2019 തീയതിയിലെ S.S.36/2016/AG നമ്പർ കത്ത് പ്രകാരം അയച്ചുതന്നിട്ടുള്ളതാണ്. പെർഫോമൻസ് ശരാശരിയായ ഗവ. പ്ലീഡർമാരുടെ പെർഫോമൻസ് നിശ്ചിത ഇടവേളകളിൽ അവലോകനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നതും അതിൻ പ്രകാരം, ബഹു. ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകരുടെ പെർഫോമൻസ് വാർഷികാടിസ്ഥാനത്തിൽ അവലോകനം ചെയ്ത് റിപ്പോർട്ട് എല്ലാ വർഷവും ജനവരി 30-ാം തീയതിയ്ക്കു മുമ്പായി സർക്കാരിലേയ്ക്ക് അയച്ചു തരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിയമ സെക്രട്ടറി അഡ്വക്കേറ്റ് ജനറലിനോട് 25-06-2020 തീയതിയിലെ കത്ത് മുഖാന്തരം അഭ്യർത്ഥിച്ചിട്ടുണ്ട്.

6. അഡ്വക്കേറ്റ് ജനറലിന്റെ 11/12/2019 തീയതിയിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച സർക്കാർ അഭിഭാഷകരുടെ ഗ്രേഡ് ചുവടെ പറയും പ്രകാരമാണ്.-

| ക്രമ നമ്പർ | പേര് | തസ്തിക | ഗ്രേഡ് |
|---|---|---|---|
| 1) | ശ്രീ.എ.രാജേഷ് | സ്പെഷ്യൽ ഗവ. പ്ലീഡർ | ഗുഡ് |
| 2) | ശ്രീ.കെ.പി.ഹരീഷ് | സീനിയർ ഗവ. പ്ലീഡർ | എക്സലന്റ് |
| 3) | ശ്രീ.റ്റി.കെ.ഷാജഹാൻ, | സീനിയർ ഗവ. പ്ലീഡർ | ഗുഡ് |
| 4) | ശ്രീ.ബിമൽ കെ.നാഥ്, | സീനിയർ ഗവ. പ്ലീഡർ | ഗുഡ് |
| 5) | ശ്രീ.പി.കെ.ബാബു | സീനിയർ ഗവ. പ്ലീഡർ | ഗുഡ് |
| 6) | ശ്രീമതി ശ്രീജ വി | ഗവ. പ്ലീഡർ | ഗുഡ് |
| 7) | ശ്രീമതി നിമ ജേക്കബ് | ഗവ. പ്ലീഡർ | ഗുഡ് |
| 8) | ശ്രീ.കെ.പി.മധു | ഗവ. പ്ലീഡർ | ആവറേജ് |
| 9) | ശ്രീ.ബി.ഹരീഷ് കുമാർ | ഗവ. പ്ലീഡർ | ഗുഡ് |
| 10) | ശ്രീമതി തുഷാര ജെയിംസ് | ഗവ. പ്ലീഡർ | എക്സലന്റ് |
| 11) | ശ്രീമതി രഹാന എൻ.എസ് | ഗവ. പ്ലീഡർ | ഗുഡ് |
| 12) | ശ്രീ.വി.അനിൽ | ഗവ. പ്ലീഡർ | ഗുഡ് |
| 13) | ശ്രീ.സജി എസ്. എൽ | ഗവ. പ്ലീഡർ | ആവറേജ് |

7. 1978-ലെ കേരളാ ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ബഹു. ഹൈക്കോടതിയിലേയ്ക്ക് സർക്കാർ അഭിഭാഷകരെ 3 വർഷ കാലയളവിലേയ്ക്കാണ് നിയമിക്കുന്നത്. ടി കാലാവധി കഴിഞ്ഞാൽ, ആവശ്യമെങ്കിൽ, ടി സർക്കാർ അഭിഭാഷകരെ 3 വർഷത്തിൽ കൂടാത്ത കാലയളവിലേയ്ക്ക് പുനർ നിയമിക്കാവുന്നതുമാണ്.

8. ബഹു. ഹൈക്കോടതിയിലെ ഗവ. ലാ ഓഫീസർമാരെ നിയമിക്കുന്നതും പുനർനിയമിക്കുന്നതും മന്ത്രിസഭായോഗ തീരുമാന പ്രകാരമാണ്.

9. അഡ്വക്കേറ്റ് ജനറൽ നൽകിയ ഗ്രേഡിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതിയിലെ 133 സർക്കാർ അഭിഭാഷകരിൽ 102 സർക്കാർ അഭിഭാഷകരെ അവരുടെ കാലാവധി പൂർത്തിയായ തീയതി മുതൽ ജൂൺ മാസം 2021 വരെ പുനഃ നിയമിക്കുവാൻ 01-07-2020 തീയതിയിലെ മന്ത്രിസഭായോഗം ഇനം നമ്പർ 4085 ആയി തീരുമാനിച്ചിട്ടുള്ളതും ആയതിനനുസൃതമായി 02-07-2020 തീയതിയിലെ G.O.(Ms).No.54/2020/Law നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

10. ബഹു. ഹൈക്കോടതിയിലെ സീനിയർ ഗവ. പ്ലീഡർമാരായ ശ്രീ.കെ.പി.ഹരീഷ്, ശ്രീ.റ്റി.കെ.ഷാജഹാൻ, ശ്രീ.ബിമൽ കെ.നാഥ്, ശ്രീ.പി.കെ.ബാബു ഗവ.പ്ലീഡർമാരായ ശ്രീമതി ശ്രീജ വി, ശ്രീമതി നിമ ജേക്കബ്, ശ്രീ.കെ.പി.മധു, ശ്രീ.ബി.ഹരീഷ് കുമാർ, ശ്രീമതി തുഷാര ജെയിംസ്, ശ്രീമതി രഹാന എൻ.എസ് എന്നിവരെ 31-07-2020 തീയതി പ്രാബല്യത്തിലും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ഗവ. പ്ലീഡറായ ശ്രീ.വി.അനിലിനെ 07-08-2020 മുതൽ പ്രാബല്യത്തിലും മൂന്നു വർഷക്കാലയളവിലേയ്ക്ക് പുനഃ നിയമിക്കുന്നതിൻമേൽ തീരുമാനമെടുക്കുന്നതിനും ബഹു. ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവ.പ്ലീഡർ (വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ) ആയ ശ്രീ.എ.രാജേഷിനെ 07-09-2020 തീയതി പ്രാബല്യത്തിൽ, ഇനിയൊരു കാലയളവിലേയ്ക്ക് പുനഃ നിയമിക്കുന്നതിൻമേൽ തീരുമാനമെടുക്കുന്നതിനും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ഗവ. പ്ലീഡറായ ശ്രീ.സജി എസ്.എൽ-ന്റെ കാലാവധി 07-09-2020 തീയതി പ്രാബല്യത്തിൽ, ഇനിയൊരു ഉത്തരവ്

ഉണ്ടാകുന്നതു വരേയ്ക്കും മാത്രം ദീർഘിപ്പിക്കുന്നതിൻ മേൽ തീരുമാനമെടുക്കുന്നതിനുമായി ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണോ എന്നത് സംബന്ധിച്ച് ഉത്തരവാകുന്നതിനായി ഫയലുകൾ ബഹു. നിയമ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്യുമ്പോൾ ടി വിഷയങ്ങൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ 10320/ഇൻസ്‌പെ.1/2020/നിയമം, 10587/ഇൻസ്‌പെ.1/2020/നിയമം എന്നീ നമ്പർ ഫയലുകളിൽ 21-08-2020 തീയതിയിലും നം.11393/ഇൻസ്‌പെ.1/2020/നിയമം നമ്പർ ഫയലിൽ 21-09-2020 തീയതിയിലും ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുള്ളതാണ്.

## തീരുമാനിക്കേണ്ട സംഗതി

1. അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ബഹു. ഹൈക്കോടതിയിലെ സീനിയർ ഗവ. പ്ലീഡർമാരായ ശ്രീ.കെ.പി.ഹരീഷ്, ശ്രീ.റ്റി.കെ.ഷാജഹാൻ, ശ്രീ.ബിമൽ കെ.നാഥ്, ശ്രീ.പി.കെ.ബാബു ഗവ.പ്ലീഡർമാരായ ശ്രീമതി ശ്രീജ വി, ശ്രീമതി നിമ ജേക്കബ്, ശ്രീ.കെ.പി.മധു, ശ്രീ.ബി.ഹരീഷ് കുമാർ, ശ്രീമതി തുഷാര ജെയിംസ്, ശ്രീമതി രഹാന എൻ.എസ് എന്നിവരെ 31-07-2020 തീയതി പ്രാബല്യത്തിലും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ഗവ. പ്ലീഡറായ ശ്രീ.വി.അനിലിനെ 07-08-2020 മുതൽ പ്രാബല്യത്തിലും 30-06-2021 വരെ പുനഃ നിയമിക്കാവുന്നതാണോ?

2. അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ബഹു. ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവ.പ്ലീഡർ (വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ) ആയ ശ്രീ.എ.രാജേഷിനെ 07-09-2020 തീയതി മുതൽ പ്രാബല്യത്തിൽ 30-06-2021 വരെ പുനഃ നിയമിക്കാവുന്നതാണോ ?

3. അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ഗവ. പ്ലീഡറായ ശ്രീ.സജി എസ്. എൽ-ന്റെ കാലാവധി 07-09-2020 തീയതി മുതൽ 30-06-2021 വരെ ദീർഘിപ്പിക്കാവുന്നതാണോ ?